**Desabhimani**

**19 July 2018**

**Muvattupuzha, Kochi**

**Heavy Rain, Disasters**

## വീട്ടുമുറ്റത്തെ സംരക്ഷണഭിത്തി ഇടിഞ്ഞ് വയോധികയ്ക്ക് പരിക്ക്

**മൂവാറ്റുപുഴ**

മഴയിൽ വീട്ടുമുറ്റത്തെ സംരക്ഷണഭിത്തി ഇടിഞ്ഞ് വയോധികയ്ക്ക് പരിക്ക്. വാഴപ്പിള്ളി തൃക്ക ഇ എം എസ് നഗർ ജയശ്രീനിവാസിൽ പരമേശ്വരൻ നായരുടെ (അപ്പു) ഭാര്യയുടെ അമ്മ കല്യാണിക്കുട്ടിയമ്മ (80) യ്ക്കാണ് പരിക്കേറ്റത്. വീടിനു പിന്നിൽ മുറ്റത്തു നിൽക്കുമ്പോൾ സംരക്ഷണഭിത്തി ഇടിഞ്ഞ് താഴേയ്ക്ക് വീഴുകയായിരുന്നു. ഇതോടൊപ്പം കല്യാണിക്കുട്ടിയമ്മയും താഴേക്ക് വീണു.

ചൊവ്വാഴ്ച വൈകിട്ടാണ് അപകടം. പരിക്കേറ്റ കല്യാണിക്കുട്ടിയമ്മയെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ദുരിതമൊഴിയാതെ നാടും നഗരവും

**കൊച്ചി**

മഴയ്ക്ക് നേരിയ ശമനമായെങ്കിലും ദുരിതമൊഴിയാതെ നാടും നഗരവും. എറണാകുളം നഗരത്തിന്റെ പല ഭാഗങ്ങളും കനത്ത വെള്ളക്കെട്ടിൽ ത്തന്നെയാണ്. വെള്ളം ഇറങ്ങിത്തുടങ്ങിയിട്ടില്ല.

തീരപ്രദേശങ്ങളിൽ കടലാക്രമണവും ശക്തമായി തുടരുന്നു. ചെല്ലാനത്ത് മണൽ സംരക്ഷണഭിത്തി നിർമിക്കാനുള്ള നീക്കം കടലാക്രമണം ശക്തമായതിനാൽ ഫലപ്രദമായില്ല. 409 കുടുംബങ്ങളാണ് ചെല്ലാനത്തുമാത്രം ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നതിൽ . ഇതിൽപ്പകുതിയും ബുധനാഴ്ചയാണ് ക്യാമ്പുകളിലെത്തിയത്. ജില്ലയിലെ പ്രധാന നദികളായ പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയിൽ ജലനിരപ്പ് ഉയർന്നുതന്നെ നിൽക്കുകയാണ്.

തീരപ്രദേശങ്ങളിൽ വെള്ളപ്പൊക്കഭീഷണി ഒഴിഞ്ഞിട്ടില്ല. ഇടപ്പള്ളി കുന്നുംപുറം മേഖലയിൽ ഒമ്പതു കുടുംബങ്ങളെക്കൂടി ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു.